©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2025 ഡിസംബർ 23<br>23rd December 2025<br>1201 ധനു 8<br>8th Dhanu 1201<br>1947 പൌഷം 2<br>2nd Pousha 1947 | നമ്പർ<br>No. | 4313 |

## കേരള സർക്കാർ

ആഭ്യന്തര (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 104/2025/ആഭ്യന്തരം. *തിരുവനന്തപുരം, 2025 ഡിസംബർ 11*
*1201 വൃശ്ചികം 25*
*1947 അഗ്രഹായനം 20.*

**എസ്. ആർ. ഒ. നമ്പർ 1404/2025**

2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിന്റെ (2010-ലെ 9-ാം ആക്ട്) 99-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2014 മേയ് 6-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 89/2014/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചതും 2014 മേയ് 23-ാം തീയതിയിലെ 1316-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 310/2014 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

## ചട്ടങ്ങൾ

(1) ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ എന്ന് പറയാം;

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

(2) ചട്ടങ്ങളുടെ ഭേദഗതി.—2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 463-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിനുപകരം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(2):—അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി സാധാരണഗതിയിൽ 5 വർഷമായിരിക്കും. ജയിൽ ഉപദേശക സമിതി നാല് മാസത്തിലൊരിക്കൽ യോഗം കൂടേണ്ടതാണ് (ഏപ്രിൽ, ആഗസ്റ്റ്, ഡിസംബർ). സമിതിയുടെ ക്വാറം 4 ആയിരിക്കും. അതിൽ ഒരാളെങ്കിലും അനൗദ്യോഗിക അംഗം ആയിരിക്കേണ്ടതുമാണ്.

എന്നാൽ മതിയായ കാരണങ്ങളാൽ ഗവൺമെന്റിന് മേൽപ്പറഞ്ഞ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും അനൗദ്യോഗിക അംഗങ്ങളുടെ നിയമനം റദ്ദ് ചെയ്യാവുന്നതാണ്."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാകുന്നു.)

ബഹു. സുപ്രീം കോടതിയുടെ S.L.P (Crl) No. 529/2021, Sonadhar Vs State of Chattisgarh കേസിലെ 7-7-2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജയിൽ ഉപദേശക സമിതികൾ വർഷത്തിൽ മൂന്ന് തവണ യോഗം ചേരുന്നത് സംബന്ധിച്ച് നാഷണൽ ലീഗൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർവീസ് അതോറിറ്റി (National Legal Service Authority) മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആയത് ബഹു. സുപ്രീംകോടതി അംഗീകരിച്ചിട്ടുള്ളതുമാണ്. 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ, നിലവിൽ 6 മാസത്തിലൊരിക്കലെങ്കിലും ജയിൽ ഉപദേശ സമിതികൾ കൂടേണ്ടതാണ് എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. ആയത് മേൽപറഞ്ഞ കോടതി നിർദ്ദേശങ്ങൾക്കനുസൃതമായി നാലു മാസത്തിലൊരിക്കൽ യോഗം ചേരുന്നതിന് പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.23 09:46:52 +05:30